6101
28/11/18

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - തിരുവനന്തപുരം തഹസിൽദാരുടെ ക്യാഷ് ചെസ്റ്റിൽ നിന്നും ചെലവായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി ആർ എഫ് -എ) വകുപ്പ്

സ.ഉ.(സാധാ)നം: 4882/2018/റവ. തിരുവനന്തപുരം, തീയതി,24.11.2018.

പരാമർശം: 21.07.2016, 06.10.2018 തീയതികളിലെ തിരുവനന്തപുരം ജില്ലാ കളക്ടറുടെ എ 6- 40367/18 നമ്പർ കത്തുകൾ.

ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ എന്ന സ്ഥലത്ത് വച്ച് 22/04/2016-ന് കിണറ്റിൽ വീണ് അപകടം സംഭവിച്ചതിനെ തുടർന്ന് ഒരു അന്യ സംസ്ഥാന തൊഴിലാളി (ചണ്ഡിഗഡ് സ്വദേശി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വച്ച് മരണപ്പെട്ടതായും ടിയാളുടെ മൃതദേഹവും കൂടെയുള്ള രണ്ട് ബന്ധുക്കളെയും ഫ്ളൈറ്റിൽ തിരികെ നാട്ടിൽ എത്തിച്ച വകയിൽ 30,866/- (മുപ്പതിനായിരത്തി എണ്ണൂറ്റി അറുപത്തി ആറ്) രൂപ ചെലവായതായും ടി തുക തിരുവനന്തപുരം തഹസീൽദാരുടെ ക്യാഷ് ചെസ്റ്റിൽ നിന്നാണ് ചെലവാക്കി യതെന്നും ആയത് നാളിതുവരെ ലഭ്യമായിട്ടില്ലെന്നും ടി തുക അടിയന്തിരമായി അനുവദിച്ചു നൽകണമെന്നും പരാമർശം കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാകളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് തിരുവനന്തപുരം തഹസിൽദാരുടെ ക്യാഷ് ചെസ്റ്റിൽ നിന്നും മേൽ ആവശ്യത്തിനായി ചെലവായ 30,866/- (മുപ്പതിനായിരത്തി എണ്ണൂറ്റി അറുപത്തി ആറ്) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ടി 30,866/- (മുപ്പതിനായിരത്തി എണ്ണൂറ്റി അറുപത്തി ആറ്) രൂപ 2075-00-800- 40 contribution of Cheif Ministier's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാകളക്ടർക്ക് അനുവദിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ. ടി.കെ
ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം.
തഹസിൽദാർ , തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണല് ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി).
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ധനകാര്യ ( ഫണ്ട്സ്) വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Smitha. A.S.
സെക്ഷൻ ഓഫീസർ.